©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 9<br>9th March 2021<br>1196 കുംഭം 25<br>25th Kumbham 1196<br>1942 ഫാൽഗുനം 18<br>18th Phalguna 1942 | നമ്പർ<br>No. | 10 |

## PART I

# Notifications and Orders issued by the Government

# തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

## ടാങ്കറുകളിലൂടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലശേഖരണവും, വിതരണവും, പരിപാലനവും, നിയന്ത്രണവും സംബന്ധിച്ച ബൈലോ, 2021

## വിജ്ഞാപനം

നമ്പർ H 19/3510/2021. 2021 ജനുവരി 20.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് : തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

സ്ഥലം : തിരുവനന്തപുരം

1. ആമുഖം.—ഇൻഡ്യൻ ഭരണഘടനയുടെ ഭാഗം III അനുച്ഛേദം 21 ജീവനും ജീവിക്കാനും ജീവന ഉപാധികൾക്കും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശത്തിന്റെ ഭാഗമായ സുരക്ഷിത സുസ്ഥിര പരിസ്ഥിതിക്കുള്ള മൗലിക അവകാശം, ഭരണഘടനയുടെ അനുച്ഛേദം 243 (ഡബ്ല്യു), 12-ാം പട്ടിക പ്രകാരം പൊതുജനാരോഗ്യസ്ഥിതി മെച്ചപ്പെടുത്താനും ജീവിതനിലവാരം ഉയർത്താനും കുടിവെള്ളം ഉൾപ്പെടെയുള്ള ജലവിതരണം ഉറപ്പ് വരുത്താനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ രാഷ്ട്രത്തിന്റെ ഭരണഘടനാ ഘടകം എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനമായ നഗരസഭയ്ക്ക് ഉത്തരവാദിത്വം ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിലും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 2020), 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ 16), 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമം (1986-ലെ കേന്ദ്ര ആക്റ്റ് 29) എന്നിവ പ്രകാരം നഗരത്തിൽ കുടിവെള്ളത്തിനും ഗാർഹിക വ്യവസായ വാണിജ്യാവശ്യങ്ങൾക്കുമായി ജലം ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് നിയന്ത്രിച്ച് ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ജലദുരുപയോഗം തടയുന്നതിനും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അനധികൃത സ്രോതസ്സുകളിൽ നിന്നുള്ള ജലശേഖരണവും വിതരണവും തടയുന്നതിനുമുള്ള അധികാരവും ഉത്തരവാദിത്വവും നഗരസഭയ്ക്കുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പിന്റെ 18-4-2012-ാം തീയതിയിലെ 244428/ഡിസി-1/2012/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 567-ാം വകുപ്പ് പ്രകാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് തിരുവനന്തപുരം നഗരസഭാ കൗൺസിലിനുവേണ്ടി നഗരസഭാ സെക്രട്ടറി പുറപ്പെടുവിക്കുന്ന ബൈലോ.

2. ചുരുക്കപ്പേരും, പ്രാരംഭവും.—(1) ഈ ബൈലോയ്ക്ക് ടാങ്കറുകളിലൂടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലശേഖരണവും, വിതരണവും, പരിപാലനവും, നിയന്ത്രണവും സംബന്ധിച്ച ബൈലോ, 2021 എന്ന പേര് പറയാം.

(2) ഈ ബൈലോ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

3. പ്രവർത്തന പരിധി.—തിരുവനന്തപുരം നഗരസഭയുടെ അധികാര പരിധിയിലെ മുഴുവൻ പൊതു സ്ഥലങ്ങൾ, സ്വകാര്യ പരിസരങ്ങൾ, വാസസ്ഥലങ്ങൾ, വ്യാപാര-വാണിജ്യ-വ്യവസായ കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, ഇതര സ്ഥലങ്ങൾ എന്നിവയിൽ ഈ ബൈലോ ബാധകമാകുന്നതാണ്.

4. നിർവ്വചനങ്ങൾ.—ഈ ബൈലോയിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

1. ''കുടിവെള്ള വിതരണ വാഹനങ്ങൾ'' എന്നാൽ നഗരസഭ തീരുമാനിക്കുന്ന സ്ഥലങ്ങളിൽ നിന്നും കുടിവെള്ളവും വ്യാവസായിക, കാർഷിക, വാണിജ്യ ആവശ്യങ്ങൾക്ക് ജലം ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന വാഹനങ്ങൾ എന്നർത്ഥമാകുന്നു.

2. ''ജലശേഖരണ സ്ഥലങ്ങൾ'' എന്നാൽ കുടിവെള്ളം ശേഖരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയും കൃഷി, വ്യാവസായിക വാണിജ്യ മറ്റ് ഇതര ആവശ്യങ്ങൾക്ക് നഗരസഭ തീരുമാനിക്കുന്ന സ്ഥലങ്ങളും എന്നർത്ഥമാകുന്നു.

3. ''നഗരസഭ'' എന്നാൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു.

4. ''സെക്രട്ടറി'' എന്നാൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി എന്നർത്ഥമാകുന്നു.

5. ''ഹെൽത്ത് ഓഫീസർ'' എന്നാൽ തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിന്റെ തലവൻ എന്നർത്ഥമാകുന്നു.

6. ''ഫില്ലിംഗ് സ്റ്റേഷൻ'' എന്നാൽ ജലശേഖരണ വാഹനങ്ങളിലേക്ക് ജലം ലഭ്യമാക്കുന്ന സ്ഥലങ്ങൾ എന്നർത്ഥമാകുന്നു.

7. ''ഇംപ്ലിമെന്റിംഗ് ഓഫീസർ'' എന്നാൽ ഈ പ്രവർത്തനങ്ങൾ സഗരസഭക്കുവേണ്ടി ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും സാമ്പത്തിക ക്രയവിക്രയങ്ങൾ ചെയ്യുന്നതിനുംവേണ്ടി നഗരസഭാ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

8. ''ജലശേഖരണ സ്ഥലത്തെ ചാർജ് ഓഫീസർ'' എന്നാൽ വ്യത്യസ്ത ആവശ്യങ്ങൾക്ക് നഗരസഭ തിരഞ്ഞെടുക്കുന്ന ജലശേഖരണ സ്ഥലങ്ങൾക്ക് ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നും കുടിവള്ള വിതരണത്തിന് കേരള വാട്ടർ അതോറിറ്റി തീരുമാനിക്കുന്ന ഉദ്യോഗസ്ഥൻ എന്നും എന്നർത്ഥമാകുന്നു.

9. ''ലൈസൻസ്'' എന്നാൽ ജലവിതരണ വാഹനങ്ങൾക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി നിശ്ചിത കാലത്തേക്ക് നഗരസഭയിൽ നിന്ന് നൽകുന്ന അനുമതി എന്നർത്ഥമാകുന്നു.

10. ''ലൈസൻസി'' എന്നാൽ ലൈസൻസ് ലഭിച്ച വാഹനത്തിന്റെ ഉടമ എന്നർത്ഥമാകുന്നു.

11. ''കോൾ സെന്റർ'' എന്നാൽ ജലവിതരണ സംവിധാനത്തിന്റെ ഫലപ്രദമായ നിർവ്വഹണത്തിനായി നഗരസഭ ഒരുക്കുന്ന കോൾ സെന്റർ എന്നർത്ഥമാകുന്നു.

5. <u>ലക്ഷ്യങ്ങൾ.</u>—

1. നഗരവാസികൾക്ക് ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക.

2. കുടിവെള്ള വിതരണം നടത്തുന്ന ഏജൻസികൾ, വ്യക്തികൾ, സംരംഭങ്ങൾ എന്നിവ ജനങ്ങളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നത് നിയന്ത്രിക്കുക.

3. ജലദൗർലഭ്യം നേരിടുകയോ, ജലലഭ്യത ഇല്ലാത്ത അടിയന്തിര സാഹചര്യങ്ങളോ സംജാതമായാൽ ജനജീവിതത്തെ ബാധിക്കാതെ ജലവിതരണം ഉറപ്പുവരുത്തുക.

4. വ്യാവസായിക ആവശ്യങ്ങൾക്കും, കൃഷി തുടങ്ങി ഇതര ആവശ്യങ്ങൾക്കും കുടിവെള്ളം ഉപയോഗിക്കുന്നത് തടയുക.

5. മലിനജലം കുടിക്കുന്നതിലൂടെ നഗരവാസികൾ രോഗികളാകുന്ന അവസ്ഥ ഇല്ലാതാകുകയും അതിലൂടെ രോഗരഹിത നഗരമാക്കി തിരുവനന്തപുരത്തെ മാറ്റുകയും ചെയ്യുക.

6. <u>ജലശേഖരണ സ്റ്റേഷനുകളുടെ പരിപാലനം.</u>—

1. കുടിവെള്ള വിതരണ സ്റ്റേഷനുകൾ നിശ്ചയിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ചുമതല കേരള വാട്ടർ അതോറിറ്റിക്കായിരിക്കുന്നതാണ്.

2. കുടിവെള്ളം ഒഴികെ മറ്റാവശ്യങ്ങൾക്കുള്ള ജലശേഖരണ സ്ഥലങ്ങൾ നഗരസഭ തീരുമാനിക്കുന്നതാണ്.

3. കുടിവെള്ള ശേഖരണ സ്ഥലങ്ങളും മറ്റ് ഇതര ആവശ്യങ്ങൾക്കുള്ള ജലശേഖരണ സ്ഥലങ്ങളും 24 മണിക്കൂറും പ്രവർത്തിക്കേണ്ടതാണ്.

4. കുടിവെള്ള ശേഖരണ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനവും വൈദ്യുതി കണക്ഷനോടുകൂടിയതും ജീവനക്കാർക്ക് ആവശ്യമായ സൗകര്യത്തോടുകൂടിയതുമായ ഓഫീസ് സംവിധാനവും ഉണ്ടായിരിക്കേണ്ടതാണ്.

5. കുടിവെള്ള ശേഖരണ സ്റ്റേഷനുകളിൽ നഗരസഭ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള നെറ്റ് വർക്ക് സംവിധാനത്തോടുകൂടിയ കമ്പ്യൂട്ടർ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

6. ജലശേഖരണ സ്റ്റേഷനുകൾക്ക് മുൻപിലായി രാത്രികാലങ്ങളിലും വ്യക്തമായി കാണാൻ കഴിയുന്ന തരത്തിലുള്ള ബോർഡ് പ്രദർശിപ്പിക്കേണ്ടതും പ്രസ്തുത ബോർഡിൽ പ്രവർത്തന സമയവും, നഗരസഭയുടെ പേരും, എംബ്ലവും, കോൾ സെന്ററിന്റേയും ഹെൽത്ത് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെയും ഫോൺ നമ്പരുകളും വ്യക്തതയോടെ രേഖപ്പെടുത്തേണ്ടതാണ്.

7. കുടിവെള്ളശേഖരണ സ്റ്റേഷനുകളിൽ അറ്റകുറ്റപ്പണികളോ മറ്റ് പ്രവർത്തനങ്ങളോ കാരണം ജലവിതരണം തടസ്സപ്പെടാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ചുമതലക്കാരൻ നഗരസഭാ സെക്രട്ടറിയെ അത് മുൻകൂട്ടി രേഖാമൂലം അറിയിച്ച് ജലവിതരണം തടസ്സപ്പെടാതെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. ജലശേഖരണ സ്റ്റേഷനുകളിൽ നിന്നും നഗരസഭ കമ്പ്യൂട്ടർ സംവിധാനത്തിലൂടെ നൽകുന്ന ഡിജിറ്റൽ പാസ്സ് പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം മാത്രം വാഹനങ്ങൾക്ക് ജലം നൽകേണ്ടതാണ്.

9. എല്ലാ ജലശേഖരണ കേന്ദ്രങ്ങളിലും ആൻഡ്രോയിഡ് ഫോൺ ഉപയോഗിക്കാൻ അറിയുന്ന വ്യക്തിയെ ഫില്ലിംഗ് സ്റ്റേഷൻ ഓപ്പറേറ്റർ ആയി നിയമിക്കേണ്ടതാണ്.

10. ഫില്ലിംഗ് സ്റ്റേഷൻ ഓപ്പറേറ്റർമാർ നഗരസഭ നിഷ്കർഷിക്കുന്ന രീതിയിൽ ആവശ്യമായ വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

11. ഫില്ലിംഗ് സ്റ്റേഷനുകൾ ജി.പി.എസ്. ഫെൻസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഫെൻസ് ചെയ്തിരിക്കേണ്ടതാണ്.

12. ഫില്ലിംഗ് സ്റ്റേഷനുകളിൽ ആർ.എഫ്.ഐ.ഡി ഘടിപ്പിക്കുകയും അത് ഓൺലൈൻ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

13. എല്ലാ ഫില്ലിംഗ് സ്റ്റേഷനുകളിലും എ.എൻ.പി.ആർ. സാങ്കേതിക വിദ്യയുള്ള ക്യാമറാ സംവിധാനം ഏർപ്പെടുത്തേണ്ടതും അത് ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

14. ഫില്ലിംഗ് സ്റ്റേഷനുകളിൽ പാസുമായി എത്തുന്ന കുടിവെള്ള ടാങ്കറുകളിൽ ആദ്യമെത്തുന്നവർക്ക് ആദ്യം എന്ന ക്രമത്തിൽ വെള്ളം നിറച്ചു നൽകുന്നതിനുള്ള ക്രമീകരണം കേരള വാട്ടർ അതോറിറ്റി ഏർപ്പെടുത്തേണ്ടതാണ്.

7. ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ.—

1. ലൈസൻസിനായി ഇതിനായുള്ള ഓൺലൈൻ ആപ്ലിക്കേഷനിൽ വാഹന ഉടമ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. അപേക്ഷയിൻമേൽ ഇംപ്ലിമെന്റിംഗ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കുകയോ വ്യക്തമായ കാരണം രേഖപ്പെടുത്തി അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്.
3. ലൈസൻസ് അനുവദിച്ചാൽ സെക്രട്ടറി/ഇംപ്ലിമെന്റിംഗ് ഓഫീസർ 7 ദിവസത്തിനുള്ളിൽ ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ അപേക്ഷകൻ നഗരസഭയുടെ ഇതിനായുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈനായി ലൈസൻസ് ഫീ ഒടുക്കേണ്ടതുമാണ്.
4. ലൈസൻസ് ഫീസ് ഒടുക്കി 7 ദിവസത്തിനുള്ളിൽ അപേക്ഷകന് ലൈസൻസും വാഹനത്തിൽ പതിക്കുന്നതിനുള്ള സ്റ്റിക്കറും അനുവദിക്കേണ്ടതാണ്.
5. ലൈസൻസ് കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയായിരിക്കും.
6. ലൈസൻസ് പുതുക്കുന്നതിലേയ്ക്കായുള്ള അപേക്ഷകൾ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 60 ദിവസം മുമ്പ് സമർപ്പിക്കേണ്ടതാണ്.

ലൈസൻസ് ഫീ പട്ടിക

| ക്രമ നമ്പർ | വാഹനത്തിന്റെ തരം (ടാങ്ക് കപ്പാസിറ്റി) | ലൈസൻസ് ഫീ (രൂപ) | ഡെപ്പോസിറ്റ് | ലേറ്റ് ഫീ-രൂപ (ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 59 ദിവസം മുമ്പു മുതൽ ലൈസൻസ് കാലാവധി അവസാനിക്കുന്ന ദിവസം വരെ) | ലേറ്റ് ഫീ (ലൈസൻസ് കാലാവധി അവസാനിച്ച ശേഷം) |
|---|---|---|---|---|---|
| 1 | 5000 ലിറ്റർ വരെ | 2000 | 5000 | 1000 | പ്രതിദിനം 50 രൂപ വീതം |
| 2 | 5001 ലിറ്റർ മുതൽ 10000 ലിറ്റർ വരെ | 3000 | 6000 | 1500 | പ്രതിദിനം 75 രൂപ വീതം |
| 3 | 10000 ലിറ്ററിനു മുകളിൽ | 5000 | 10000 | 2000 | പ്രതിദിനം 100 രൂപ വീതം |

8. കുടിവെള്ളവിതരണ വാഹനങ്ങൾക്ക് ഫുഡ് സേഫ്റ്റി ലൈസൻസ്, ഫുഡ് സേഫ്റ്റി നിയമം അനുശാസിക്കുന്ന തരത്തിലുള്ള കോട്ടിംഗ് ടാങ്കിനുള്ളിൽ നടത്തി എന്ന് തെളിയിക്കുന്ന അംഗീകൃത ഏജൻസിയുടെ സർട്ടിഫിക്കറ്റ് എന്നിവകൂടി ഹാജരാക്കേണ്ടതാണ്.
9. ടാങ്കറുകളുടെ കപ്പാസിറ്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അംഗീകൃത ഏജൻസിയിൽ നിന്നും ഹാജരാക്കേണ്ടതാണ്.
10. എല്ലാ വാഹനങ്ങളുടേയും മോട്ടോർ വാഹന നിയമപ്രകാരമുള്ള എല്ലാ രേഖകളുടേയും കോപ്പികൾ രജിസ്ട്രേഷൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും വാഹന പരിശോധന നടത്തുന്ന സമയം ബന്ധപ്പെട്ട മുഴുവൻ രേഖകളുടേയും അസ്സൽ പരിശോധന ഉദ്യോഗസ്ഥനെക്കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്.
11. അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും തിരിച്ചറിയൽ രേഖകളും അപേക്ഷയോടോപ്പം സമർപ്പിക്കേണ്ടതും പരിശോധന സമയത്ത് അസ്സൽ ഹാജരാക്കേണ്ടതുമാണ്.

8. ലൈസൻസ് വ്യവസ്ഥകൾ.—

1. ജലവിതരണ വാഹനങ്ങൾക്ക് കളർ കോഡ് ഉണ്ടായിരിക്കുന്നതാണ്. കുടിവെള്ള വിതരണ വാഹനങ്ങൾക്ക് നീല നിറത്തിലുള്ള പെയിന്റിംഗ് ചെയ്യുകയും കുടിവെള്ളം എന്ന് വലുതായി മലയാളത്തിലും Drinking Water എന്ന് ഇംഗ്ലീഷിലും ടാങ്കിന്റെ ഇരുപുറങ്ങളിലും വലിയ അക്ഷരത്തിൽ വെള്ള നിറത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. മറ്റ് ആവശ്യങ്ങൾക്ക് ജലശേഖരണം നടത്തുന്ന വാഹനങ്ങളിൽ ടാങ്കിൽ ബ്രൗൺ നിറത്തിലുള്ള പെയിന്റ് ചെയ്യുകയും Non Drinking Water എന്ന് ഇംഗ്ലീഷിലും കുടിവെള്ളമല്ലാത്ത ജലം എന്ന് മലയാളത്തിലും ടാങ്കിന്റെ ഇരുപുറത്തുമായി വലിയ അക്ഷരത്തിൽ വെള്ള നിറത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.
2. ജലവിതരണ വാഹനത്തിൽ നഗരസഭ അനുവദിക്കുന്ന ലൈസൻസ് നമ്പറും, ഹെൽത്ത് എൻഫോഴ്സ് സ്ക്വാഡിന്റെ നമ്പരും, സർക്കാർ നിയമപ്രകാരം രേഖപ്പെടുത്തേണ്ടതായ മറ്റ് നമ്പരുകളും, ടാങ്കറിന്റെ പിൻഭാഗത്ത് വെള്ള നിറത്തിൽ വലുതായി രേഖപ്പെടുത്തേണ്ടതാണ്.
3. ജലശേഖരണ വാഹനങ്ങളിൽ ലൈസൻസി സ്വന്തം ചെലവിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള AIS 140 മോഡൽ ജി.പി.എസ്. ഘടിപ്പിക്കേണ്ടതും ആയത് നഗരസഭാ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

4. കുടിവെള്ള വിതരണ ടാങ്കറുകളിൽ ഡിജിറ്റൽ ഫ്ളോമീറ്റർ സംവിധാനം ഘടിപ്പിക്കേണ്ടതും ആയത് നഗരസഭാ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

5. ടാങ്കറുകളിൽ നിന്ന് ജലം വിതരണം ചെയ്യുന്നതിനായി കുറഞ്ഞത് 50 മീറ്റർ നീളമുള്ള ഹോസ് ഉണ്ടായിരിക്കേണ്ടതും ആയത് ശുചിയായും സുരക്ഷിതമായും സൂക്ഷിക്കുന്നതിനുള്ള സംവിധാനം കുടിവെള്ള ടാങ്കറുകളിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

6. ജലശേഖരണ സേവനത്തിനുള്ള യൂസർ ഫീ ഓൺലൈനായി ഒടുക്കേണ്ടതും ലൈസൻസികൾ ഉപഭോക്താക്കളിൽ നിന്ന് പണം നേരിട്ട് സ്വീകരിക്കാൻ പാടില്ലാത്തതുമാണ്.

7. ജലശേഖരണ വാഹനങ്ങളിലെ തൊഴിലാളികളുടെ യൂണിഫോം നീല ഷർട്ടും പാന്റ്സും ആയിരിക്കേണ്ടതും ഡ്രൈവർമാർ മോട്ടോർ വാഹന നിയമത്തിൽ നിഷ്ക്കർഷിക്കുന്ന യൂണിഫോം ധരിക്കേണ്ടതുമാണ്. ജീവനക്കാർ രാത്രികാലങ്ങളിൽ ഫ്ളൂറസെന്റ് ഓവർകോട്ട് ധരിക്കേണ്ടതുമാണ്.

8. കുടിവെള്ള വിതരണം നടത്തുന്ന ജീവനക്കാർ നഗരസഭയിൽ നിന്നും സുഭോജനം ലൈസൻസ് എടുത്തിരിക്കേണ്ടതാണ്.

9. ജലശേഖരണ വാഹനങ്ങളിലെ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ലൈസൻസി ഏർപ്പാടാക്കേണ്ടതാണ്.

10. കുടിവെള്ള വിതരണത്തിന് ലൈസൻസ് എടുത്തിട്ടുള്ള ടാങ്കറുകളിൽ കുടിവെള്ളമല്ലാത്ത ജലം ശേഖരിക്കാനോ വിതരണം ചെയ്യാനോ പാടില്ലാത്തതാണ്.

11. കുടിവെള്ളം യാതൊരു രീതിയിലും ദുരുപയോഗം ചെയ്യാൻ പാടില്ലാത്തതും, ദുരുപയോഗം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ കേരള വാട്ടർ അതോറിറ്റി/നഗരസഭ/ഫുഡ് സേഫ്റ്റി/പോലീസ്/മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദ് ചെയ്യുന്നതും ഈ ബൈലോ പ്രകാരം ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കുന്നതുമാണ്.

12. 1988-ലെ മോട്ടോർ വെഹിക്കിൾ ആക്റ്റ്, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റ് 2006, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ) റെഗുലേഷൻ 2011 എന്നീ നിയമങ്ങളും ഈ ബൈലയോടൊപ്പം ബാധകമായിരിക്കുന്നതാണ്.

13. ജലവിതരണം നടത്തുന്നതിനാവശ്യമായ പമ്പ്സെറ്റുകൾ വാഹനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

14. മോട്ടോർ ഉപയോഗിച്ച് ജലം നൽകുന്നതിന് ലൈസൻസികൾക്ക് പ്രത്യേകം ഫീസ് നിശ്ചയിച്ച് നൽകേണ്ടതും ആയത് ബുക്കിംഗ് സമയത്തുതന്നെ സ്വീകരിക്കുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഒരുക്കേണ്ടതുമാണ്.

15. ജലവിതരണ വാഹനത്തിന്റെ ടാങ്കറിന് മുകളിലുള്ള ജലം നിറക്കാനുള്ള ഇൻലെറ്റുകൾ അടപ്പ് ഉപയോഗിച്ച് അടച്ച് മാത്രം വാഹനം സഞ്ചരിക്കേണ്ടതാണ്.

16. ടാങ്കിനുള്ളിലെ ജലത്തിന്റെ അളവ് പുറമേ ദൃശ്യമാകുന്നതിലേയ്ക്കായി ഗ്ലാസ്സ് ട്യൂബ് ഘടിപ്പിക്കേണ്ടതാണ്.

17. കുടിവെള്ള വിതരണ ടാങ്കറുകൾ ലോകാരോഗ്യ സംഘടന നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് കൃത്യമായ ഇടവേളകളിൽ ശുദ്ധീകരിക്കേണ്ടതാണ്.

18. നഗരസഭ നൽകുന്ന പാസ്സിൽ നിർദ്ദേശിക്കുന്ന സ്ഥലത്ത് നിന്നല്ലാതെ വാഹനം ജലം ശേഖരിച്ചാൽ അത് കുറ്റകരമായ നടപടിയായി കണക്കാക്കി ഈ ബൈലോയിൽ പറയും പ്രകാരം ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കുന്നതും വാഹനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതുമാണ്.

19. കുടിവെള്ളമല്ലാത്ത ജലം വിതരണം ചെയ്യുന്നതിന് ലൈസൻസ് എടുത്തിട്ടുള്ള ലൈസൻസികൾ നഗരസഭയുടെ നിർദ്ദേശാനുസരണം സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ നിന്നോ ട്രീറ്റു ചെയ്ത ജലം ശേഖരിച്ച് വിതരണം ചെയ്യേണ്ടതും ഇത്തരത്തിലുള്ള ജലം ലൈസൻസിക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതുമാണ്.

20. കോർപ്പറേഷൻ നൽകുന്ന ആർ.എഫ്.ഐ.ഡി. വാഹനത്തിൽ ഘടിപ്പിക്കേണ്ടതാണ്.

21. നഗരസഭ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ, നഗരസഭയുടെ മുൻകൂർ അനുമതി വാങ്ങാതെ സർവ്വീസ് നടത്താതിരിക്കുകയോ ചെയ്യുന്ന വാഹനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുകയും ഡെപ്പോസിറ്റ് തുക പിഴയായി ഈടാക്കുന്നതുമാണ്.

22. കുടിവെള്ള വിതരണ ടാങ്കറുകളിൽ നിന്നുള്ള ജലം കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും ആയതിനുള്ള ഫീസ് ലൈസൻസികൾ നഗരസഭയിൽ ഒടുക്കേണ്ടതുമാണ്.

23. സ്വന്തം ആവശ്യത്തിനായി മാത്രം ടാങ്കറുകൾ ഉപയോഗിക്കുന്ന ലൈസൻസികൾ ആയത് വ്യക്തമാക്കേണ്ടതും അത്തരക്കാർ വാട്ടർ അതോറിറ്റിക്കും നഗരസഭയ്ക്കുമുള്ള ഫീസുകൾ ഒടുക്കി പാസ് എടുക്കേണ്ടതുമാണ്.

9. നിർവ്വഹണ നിയന്ത്രണ സംവിധാനം.—

1. ഈ ബൈലോയുടെ നടത്തിപ്പിലേയ്ക്കായി നഗരസഭാ സെക്രട്ടറി നഗരസഭയിലെ ഏതെങ്കിലുമൊരു ഹെൽത്ത് സൂപ്പർവൈസറെ ഇംപ്ലിമെന്റിംഗ് ഓഫീസറായി നിയോഗിക്കേണ്ടതാണ്.

2. ജലവിതരണ വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികളുടെ മോണിറ്ററിംഗിനായി ഒരു സോഫ്റ്റ്‌വെയർ ഉണ്ടായിരിക്കേണ്ടതാണ്.

3. ഈ സംവിധാനത്തിന്റെ സുഗമമായ നിർവ്വഹണത്തിനായി ഒരു ഉദ്യോഗസ്ഥനെ കേരള വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത വിവരം നഗരസഭയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

4. പൊതുജനങ്ങൾക്ക് സേവനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും യൂസർ ഫീ ഒടുക്കുന്നതിനുമുള്ള സംവിധാനം ഇതിനായുള്ള സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കേണ്ടതാണ്.

5. ജലവിതരണത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് ഇതിനായുള്ള സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ മുൻഗണനാക്രമം അനുസരിച്ച് ലൈസൻസികൾക്ക് സർവ്വീസ് നിശ്ചയിച്ച് ഓൺലൈൻ ആയി നൽകേണ്ടതാണ്.

6. പൊതുജനങ്ങൾക്ക് തങ്ങളുടെ ആവശ്യാനുസരണം കുറഞ്ഞത് 500 ലിറ്റർ മുതൽ മുകളിലേയ്ക്ക് കുടിവെള്ളം ബുക്ക് ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കേണ്ടതാണ്.

7. ജലശേഖരണത്തിനുള്ള പാസ് ലൈസൻസി ഫില്ലിംഗ് സ്റ്റേഷനിലെ ഓപ്പറേറ്ററെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതും ഓപ്പറേറ്റർ, പാസ്സിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ വെള്ളം ടാങ്കറിൽ നിറച്ചു നൽകേണ്ടതുമാണ്.

8. ജലം ശേഖരിച്ചു കഴിഞ്ഞാലുടൻ ഫില്ലിംഗ് സ്റ്റേഷൻ ഓപ്പറേറ്റർ ലൈസൻസിയുടെ പാസ്സിലുള്ള ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് വെള്ളത്തിന്റെ അളവും ടാങ്കറിന്റെ ഫോട്ടോയും അടക്കം ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

9. കുടിവെള്ള ടാങ്കറിൽ നിറച്ച ജലത്തിന്റെ അളവ് വാഹനത്തിന്റെ ഡ്രൈവർ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

10. ജലശേഖരണ വാഹനം ജലവിതരണം പൂർത്തിയാക്കിയാൽ ആ വിവരം കസ്റ്റമറിൽ നിന്നും ലഭിക്കുന്ന ഒ.ടി.പി. കോഡ് ശേഖരിച്ച് ഓൺലൈൻ സംവിധാനത്തിൽ സർവ്വീസ് പൂർത്തീകരിച്ചതായി രേഖപ്പെടുത്തേണ്ടതാണ്.

11. കുടിവെള്ളത്തിനായുള്ള ബുക്കിംഗ് സംബന്ധിച്ച വിവരങ്ങളും ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്ന് ജലം നിറച്ചു നൽകിയത് സംബന്ധിച്ച വിവരങ്ങളും ഓൺലൈനായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് സോഫ്റ്റ്‌വെയറിൽ സംവിധാനമൊരുക്കേണ്ടതാണ്.

12. പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ജലം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ സേവനം ലഭ്യമാകുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും ഫീസ് ഒടുക്കാനുമുള്ള സംവിധാനം ഓൺലൈനായും അക്ഷയകേന്ദ്രങ്ങൾ വഴിയും കോർപ്പറേഷന്റെ വിവിധ ഓഫീസുകൾ വഴിയും നഗരസഭാ കോൾ സെന്റർ വഴിയും ലഭ്യമാക്കേണ്ടതാണ്.

13. നഗരത്തിലെ ഫ്ളാറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ആശുപത്രികൾ, വില്ലകൾ, ആഡിറ്റോറിയങ്ങൾ, വലിയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എസ്.ടി.പി.-യിൽ നിന്ന് ട്രീറ്റു ചെയ്ത ശേഷം ശേഖരിച്ചിട്ടുള്ള ജലം കുടിവെള്ളമല്ലാത്ത ജലമായി ഉപയോഗിക്കുന്നതിന് നഗരസഭയ്ക്ക് കൈമാറാവുന്നതാണ്, ഇത്തരത്തിൽ കൈമാറുന്ന ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പരിശോധനാ ഫലം നഗരസഭയ്ക്ക് നൽകേണ്ടതാണ്. ഈ സേവനത്തിനുള്ള സംവിധാനം നഗരസഭ ഇതിലേയ്ക്കായി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കേണ്ടതാണ്. (പരിശോധനാ ലാബുകളുടെ ലിസ്റ്റ് അനുബന്ധം (3) ആയി ചേർത്തിട്ടുണ്ട്).

14. കുടിവെള്ളമല്ലാത്ത ജലമായി ഉപയോഗിക്കുന്നതിന് ജലം ശേഖരിക്കുന്ന സ്രോതസ്സുകൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

15. നഗരസഭ, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്ക് പുറമേ ഭക്ഷ്യസുരക്ഷാ വകുപ്പ്, പോലീസ്, മോട്ടോർ വാഹന വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവിടങ്ങളിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലൈസൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

10. കുടിവെള്ളത്തിന്റെ ഗുണനിലവാരം.—

1. ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്ന് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്. എല്ലാ ദിവസവും സാമ്പിൾ പരിശോധന നടത്തേണ്ടതും റിപ്പോർട്ട് എല്ലാ ദിവസവും കോൾ സെന്ററിലേയ്ക്ക് കൈമാറേണ്ടതും കോൾ സെന്റർ ജീവനക്കാർ ആയത് പൊതുജനങ്ങൾക്ക് ദൃശ്യമാകുന്ന തരത്തിൽ നഗരസഭയുടെ വെബ്പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. ഇതിനുള്ള സൗകര്യം നഗരസഭ സോഫ്റ്റ്‌വെയറിൽ ഒരുക്കേണ്ടതാണ്.

2. കുടിവെള്ള ടാങ്കറുകളിൽ നിന്നുള്ള ജലത്തിന്റെ സാമ്പിൾ മൂന്നു മാസത്തിലൊരിക്കൽ പരിശോധിക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് നഗരസഭാ വെബ്പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. പരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിന് നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറിൽ കുറയാത്ത ഏതെങ്കിലും ഒരു ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

3. പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കേണ്ട വാഹനങ്ങൾ നിശ്ചയിക്കുന്നതിനുള്ള സംവിധാനം സോഫ്റ്റ് വെയറിൽ ഒരുക്കേണ്ടതാണ്.

4. ഗുണനിലവാര പരിശോധനയിൽ അപാകത കണ്ടെത്തുന്ന ടാങ്കറുകളുടെയും ലൈസൻസ് താല്കാലികമായി റദ്ദ് ചെയ്യുന്നതും, അപാകത പരിഹരിച്ച ശേഷം ഇംപ്ലിമെന്റിംഗ് ഓഫീസർ നടത്തുന്ന പരിശോധനയുടേയും ജലഗുണനിലവാര പരിശോധനയുടേയും അടിസ്ഥാനത്തിൽ ലൈസൻസ് പുനഃസ്ഥാപിച്ച് നൽകാവുന്നതുമാണ്.

11. കോൾ സെന്റർ.—

1. ജലശേഖരണ വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും പരാതികളും സ്വീകരിച്ച് പരിഹാരം കാണുന്നതിനും ഓൺലൈൻ അടക്കമുള്ള സംവിധാനം 24 മണിക്കൂറും നഗരസഭയിൽ പ്രവർത്തിക്കേണ്ടതാണ്.

2. സോഫ്റ്റ് വെയറിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതും വാഹനങ്ങളുടെ സർവ്വീസ് ജി.പി.എസ്. ഉപയോഗിച്ച് മോണിട്ടർ ചെയ്യുന്നതും കോൾ സെന്ററിൽ നിന്നായിരിക്കേണ്ടതാണ്.

3. ജലശേഖരണ സംവിധാനവുമായി ബന്ധപ്പെട്ട മുഴുവൻ സാമ്പത്തിക ക്രയവിക്രയങ്ങളും ദൈനംദിനം മോണിട്ടർ ചെയ്ത് നഗരസഭയുടെ ചുമതലക്കാരായ ഉദ്യോഗസ്ഥന് റിപ്പോർട്ട് നൽകേണ്ട ചുമതല കോൾ സെന്ററിനായിരിക്കുന്നതാണ്.

4. കോൾ സെന്ററിലെ ജീവനക്കാർക്ക് യൂണിഫോം യുക്തമെന്ന് തോന്നുന്നപക്ഷം അത് നിശ്ചയിച്ച് നൽകുന്നതിന് നഗരസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

5. യൂണിഫോം നിശ്ചയിക്കുന്ന പക്ഷം ആയത് ജീവനക്കാർ സ്വന്തം ചെലവിൽ വാങ്ങേണ്ടതാണ്.

12. ജീവനക്കാരുടെ നിയമനം.—

1. ഫില്ലിംഗ് സ്റ്റേഷനുകളിലേക്കും കോൾ സെന്ററിലേക്കും ആവശ്യമായ നഗരസഭാ ജീവനക്കാരെ നഗരസഭ സെക്രട്ടറി നിയമിക്കേണ്ടതാണ്.

2. ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം കേരളാ വാട്ടർ അതോറിറ്റി ലഭ്യമാക്കേണ്ടതാണ്.

3. ഫില്ലിംഗ് സ്റ്റേഷനുകളുടെയും കോൾ സെന്ററിന്റെയും സുഗമമായ പ്രവർത്തനത്തിന് ആവശ്യമെങ്കിൽ അധിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതും അതിലേയ്ക്ക് വരുന്ന ചെലവ് നഗരസഭാ ഫണ്ടിൽ നിന്ന് നൽകേണ്ടതുമാണ്.

13. യൂസർ ഫീ.—

1. പൊതുജനങ്ങൾക്ക് ഈ ബൈലോയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾക്ക് ഒടുക്കേണ്ട യൂസർ ഫീ ഓൺലൈനായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ നഗരസഭയുടെ വിവിധ ഓഫീസുകൾ വഴി ഓൺലൈനായോ, ബാങ്ക് വഴിയോ ഒടുക്കാവുന്നതാണ്.

2. യൂസർ ഫീ കാലാകാലങ്ങളിൽ നിലവിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരണമായി നഗരസഭാ കൗൺസിൽ തീരുമാനിക്കേണ്ടതാണ്. ടാങ്കറുകളുടെ കുടിവെള്ളത്തിന്റെ നിരക്ക് ഈ ബൈലോയോടൊപ്പമുള്ള അനുബന്ധം 1 പ്രകാരവും, ടാങ്കറുകളുടെ കുടിവെള്ളമല്ലാത്ത ജലത്തിന്റെ നിരക്ക് അനുബന്ധം 2 പ്രകാരവും ഈടാക്കേണ്ടതാണ്.

3. യൂസർ ഫീയിൽ നിന്നും ലൈസൻസികൾക്ക് ലഭിക്കേണ്ട തുക എല്ലാ ആഴ്ചയും സോഫ്റ്റ്വെയർ മുഖാന്തിരം ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ ലൈസൻസിയുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി കൈമാറേണ്ടതാണ്.

4. ബൈലാ പ്രകാരം നൽകുന്ന സേവനങ്ങളിലൂടെ ലഭിക്കുന്ന യൂസർഫീയിൽ നിന്ന് നഗരസഭാ വിഹിതമായുള്ള തുക നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ നിക്ഷേപിക്കേണ്ടതാണ്.

5. പൊതുജനങ്ങൾക്ക് യൂസർ ഫീ ഒടുക്കുന്നതിനുവേണ്ടി സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് കൂടി ആരംഭിക്കേണ്ടതും പ്രസ്തുത ബാങ്ക് അക്കൗണ്ട് നഗരസഭാ സെക്രട്ടറിക്കുവേണ്ടി സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഇംപ്ലിമെന്റിംഗ് ഓഫീസർ ഓപ്പറേറ്റ് ചെയ്യേണ്ടതുമാണ്.

6. അതതു കാലങ്ങളിലുള്ള നിരക്കുകൾ കേരള വാട്ടർ അതോറിറ്റി നഗരസഭയെ രേഖാമൂലം അറിയിക്കേണ്ടതും അതിനനുസരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട വിഹിതം കേരള വാട്ടർ അതോറിറ്റി നിശ്ചയിച്ച് നൽകുന്ന ഏതെങ്കിലും ഒരു അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതുമാണ്. കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന തുകയ്ക്കുള്ള രസീത് കേരള വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് നൽകേണ്ടതാണ്. നഗരസഭാ വിഹിതമായി ലഭിക്കുന്ന തുകകൾ അതതു സമയങ്ങളിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.

14. മറ്റു വ്യവസ്ഥകൾ.—

1. നഗരസഭയുടെ കുടിവെള്ള ടാങ്കറുകൾ ഈ ബൈലോയിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണ്. നഗരസഭാ വാഹനങ്ങൾ ബൈലോയിലെ വ്യവസ്ഥകൾക്ക് വിധേയമായി സജ്ജമാക്കുന്നതിനുള്ള ചുമതല ഇംപ്ലിമെന്റിംഗ് ഓഫീസർക്കായിരിക്കുന്നതും ഇതിലേയ്ക്ക് വരുന്ന ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതുമാണ്.

2. കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി നഗരസഭാ ഉദ്യോഗസ്ഥർ, ഫുഡ് സേഫ്റ്റി വിഭാഗം ഉദ്യോഗസ്ഥർ, ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു ടീമിനെ നിയോഗിക്കേണ്ടതും ആവശ്യമെങ്കിൽ പോലീസിന്റെ സഹായം തേടാവുന്നതുമാണ്.

3. കുടിവെള്ള ടാങ്കറിലൂടെ ലഭിക്കുന്ന ജലം ഉപഭോക്താക്കൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അത്തരത്തിൽ ഒന്നിലധികം തവണ നടപടി നേരിട്ട ഉപഭോക്താക്കളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യേണ്ടതും അത്തരക്കാർക്ക് ഈ സംവിധാനം വഴി കുടിവെള്ളം ലഭിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ രേഖാമൂലമുള്ള പ്രത്യേക അനുമതി ആവശ്യമായിരിക്കുന്നതുമാണ്.

4. ഈ ബൈലോ നിലവിൽ വരുന്ന തീയതിക്ക് മുമ്പ് ഏതെങ്കിലും സ്ഥാപനങ്ങളുമായി ലൈസൻസികൾക്ക് കരാറുള്ള പക്ഷം ആ കരാർ കാലാവധി അവസാനിക്കുന്നതുവരെയോ ബൈലോ നിലവിൽ വന്ന് ഒരു വർഷക്കാലത്തേയ്ക്കോ ഏതാണോ ആദ്യം, പ്രസ്തുത കരാർ പ്രകാരം ജലവിതരണം നടത്താവുന്നതാണ്. ഇതിലേയ്ക്ക് പാസ് നൽകുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിലുണ്ടായിരിക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട തുകയും നഗരസഭാ ഫീസും ലൈസൻസി ഒടുക്കേണ്ടതാണ്.

5. ടാങ്കറുകളിലൂടെയുള്ള ജലവിതരണ സംവിധാനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിനായി എല്ലാത്തരം മാദ്ധ്യമങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിലേയ്ക്ക് വരുന്ന ചെലവുകൾ നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

15. ബൈലോ ഭേദഗതി.—ഈ ബൈലോയിൽ ഭേദഗതി വരുത്താനുള്ള അധികാരം തിരുവനന്തപുരം നഗരസഭാ കൗൺസിലിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഒപ്പ്)

തിരുവനന്തപുരം നഗരസഭ. സെക്രട്ടറി.

**വിശദീകരണക്കുറിപ്പ്**

തിരുവനന്തപുരം നഗരസഭാ പരിധിയിൽ കുടിവെള്ളമെന്ന പേരിൽ സുരക്ഷിതമല്ലാത്തതും വൃത്തിഹീനവുമായ സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കപ്പെടുന്ന ജലം ടാങ്കറുകളിലൂടെ വിതരണം ചെയ്യപ്പെടുന്നതായും ശുദ്ധജലം ദുരുപയോഗം ചെയ്യുന്നതായും നഗരസഭയുടെ വിവിധ പരിശോധനകളിൽ ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് നഗരസഭയുടെ അധികാര പരിധിയിൽ വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളം ശുചിത്വമുള്ളതും സുരക്ഷിതവുമാണെന്നും ആയത് ശുചിയായും സുരക്ഷിതമായും മിതമായ വിലയിലും ഉപഭോക്താവിന് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ജലദുരുപയോഗം തടയുന്നതിനും ശരിയായ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്കായാണ് ടാങ്കറുകളിലൂടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലശേഖരണവും, വിതരണവും, പരിപാലനവും, നിയന്ത്രണവും സംബന്ധിച്ച ബൈലോ 2021-ന് രൂപം നൽകിയിട്ടുള്ളത്.

Gaz. No. 10/2021/DTP (Part IV).

അനുബന്ധം-1

## തിരുവനന്തപുരം നഗരസഭ

**ടാങ്കറുകളുടെ കുടിവെള്ളത്തിന്റെ നിരക്ക്**

[ബൈലോ 13(2) കാണുക]

വാട്ടർ ടാങ്കർ നിരക്ക്-കുടിവെള്ളം

| വാഹനത്തിന്റെ കപ്പാസിറ്റി | വെള്ളത്തിന്റെ അളവ് (ലിറ്റർ) | വാഹനത്തിന്റെ സർവ്വീസ് ചാർജ്ജ് | കേരള വാട്ടർ അതോറിറ്റി ചാർജ്ജ് | നഗരസഭാ ഫീസ് | ആകെ ബുക്കിംഗ് ചാർജ്ജ് | പമ്പിംഗ് ചാർജ്ജ് (എക്സ്ട്രാ) |
|---|---|---|---|---|---|---|
| 2000 ലിറ്റർ | 2000 | 1000 | 120 | 100 | 1220 | 100 |
| 2000-5000 | 5000 | 1200 | 300 | 100 | 1600 | 150 |
| 5001-11000 | 11000 | 1700 | 660 | 100 | 2460 | 200 |
| 11000-ത്തിനു മുകളിൽ | 18000 | 2100 | 1080 | 100 | 3280 | 250 |

അനുബന്ധം-2

## തിരുവനന്തപുരം നഗരസഭ

**ടാങ്കറുകളുടെ കുടിവെള്ളമല്ലാത്ത ജലത്തിന്റെ നിരക്ക്**

[ബൈലോ 13(2) കാണുക]

വാട്ടർ ടാങ്കർ നിരക്ക്-മറ്റ് ആവശ്യങ്ങൾക്കുള്ള വെള്ളം

| വാഹനത്തിന്റെ കപ്പാസിറ്റി | വെള്ളത്തിന്റെ അളവ് (ലിറ്റർ) | വാഹനത്തിന്റെ സർവ്വീസ് ചാർജ്ജ് | നഗരസഭാ ഫീസ് | ആകെ ബുക്കിംഗ് ചാർജ്ജ് | പമ്പിംഗ് ചാർജ്ജ് (എക്സ്ട്രാ) |
|---|---|---|---|---|---|
| 2000 ലിറ്റർ | 2000 | 900 | 50 | 950 | 100 |
| 2000-5000 | 5000 | 1100 | 50 | 1150 | 150 |
| 5001-11000 | 11000 | 1600 | 50 | 1650 | 200 |
| 11000-ത്തിനു മുകളിൽ | 18000 | 1900 | 50 | 1950 | 250 |

[ബൈലോ 9(6) പ്രകാരം 500 ലിറ്റർ മുതൽ മുകളിലേക്ക് ജലവിതരണം ചെയ്യുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും ടാങ്കറുകളിൽ ഡിജിറ്റൽ ഫ്ളോ മീറ്റർ ഘടിപ്പിച്ചതിനുശേഷം മാത്രമേ ആയത് പ്രാവർത്തികമാക്കാൻ കഴിയു. അതുകൊണ്ട് നിലവിൽ ലഭ്യമായ ടാങ്കറുകളുടെ കപ്പാസിറ്റിക്ക് അനുസരിച്ചാണ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. ഫ്ളോ മീറ്റർ ഘടിപ്പിക്കുന്ന മുറയ്ക്ക് നഗരസഭ കൗൺസിൽ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതാണ്].

അനുബന്ധം-3

## തിരുവനന്തപുരം നഗരസഭ

**പരിശോധനാ ലാബുകളുടെ ലിസ്റ്റ്**

[ബൈലോ 9(13) കാണുക]

1. വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് ലാബ്, കേരള വാട്ടർ അതോറിറ്റി, ജല ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം.
2. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, റെഡ് ക്രോസ്സ് റോഡ്, ജനറൽ ഹോസ്പിറ്റലിന് സമീപം, പാറ്റൂർ, തിരുവനന്തപുരം.